## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 135** | **05.03.2012-ൽ മറുപടിക്ക്.**

### നെയ്യാറ്റിൻകര പോലീസ് സ്റ്റേഷന്റെയും പോലീസ് ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽപ്പെട്ട നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനും 22 പുതിയ പോലീസ് ക്വാർട്ടേഴ്സുകളും പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത കെട്ടിടങ്ങളുടെ പണി ആരംഭിച്ചുവോ ; എങ്കിൽ ആരെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; കെട്ടിടത്തിന്റെ പണി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ; | : (എ) & (ബി)<br>നെയ്യാറ്റിൻകരയിൽ 22 പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിലേയ്ക്കായി 170.5 ലക്ഷം രൂപ പോലീസ് ആധുനികവൽക്കരണ പദ്ധതി 2010-11 പ്രകാരം 21.08.2011-ൽ കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിക്കുകയുണ്ടായി. എന്നാൽ സ്ഥലത്തിന്റെ ഭൂപ്രകൃതികൊണ്ടും 2010-ലെ പുതുക്കിയ റേറ്റ് ഷെഡ്യൂൾ അനുസരിച്ചും ഒരു ചതുരശ്ര അടി നിർമ്മാണത്തിന് 1750 രൂപ വേണ്ടിവരുമെന്നും ആയതിനാൽ ക്വാർട്ടേഴ്സുകളുടെ എണ്ണം 12 ആയി നിജപ്പെടുത്തണമെന്നുമുള്ള നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുള്ള കെ.പി.എച്ച്.സി.സി.യുടെ ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. |
| (സി) പ്രസ്തുത കെട്ടിടങ്ങൾ പണിയുന്നതിനുള്ള ഭരണാനുമതി എന്നാണ് പുറപ്പെടുവിച്ചതെന്നും കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് ചുമതലപ്പെടുത്തിയ വിഭാഗം നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ; | : (സി) പോലീസ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതി 14.07.2011-ലാണ് പോലീസ് ആസ്ഥാനത്തുനിന്നും കെ.പി.എച്ച്.സി.സി.യ്ക്ക് നൽകിയത്. ഇതേ തുടർന്ന് കെ.പി.എച്ച്.സി.സി. |

(മറുപുറം)

പ്രോജക്ട് വിഭാഗം തയ്യാറാക്കിയ പുതുക്കിയ റേറ്റ് ഷെഡ്യൂൾ 2010 അനുസരിച്ച് എസ്റ്റിമേറ്റ് തുക ഒരു ചതുരശ്ര അടി നിർമ്മാണത്തിന് 1750 രൂപ വേണ്ടിവരുമെന്നും ആയതിനാൽ പ്രസ്തുത ക്വാർട്ടേഴ്സുകളുടെ എണ്ണം 12 ആയി നിജപ്പെടുത്തണമെന്നും കെ.പി.എച്ച്.സി.സി. ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത വിഷയം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം വകുപ്പ് വൈകിപ്പിച്ചതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ?

: (ഡി) പരിശോധിച്ചിട്ടുണ്ട്. അനുയോജ്യമായ ഭൂമി ലഭ്യമാകാത്ത സാഹചര്യം മൂലം നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നു. ഇവ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ